## 670

അന്യോന്യം സ്നേഹിക്കുവിൻ-നിങ്ങൾ
അന്യോന്യം സ്നേഹിക്കുവിൻ
സ്നേഹിച്ചു ജീവൻ തന്നവൻ നാഥൻ സ്നേഹമായോതുന്നിതാ-

1 അന്യർ തൻ ദുഃഖത്തിൽ പങ്കു ചേർന്നിടണം ആർദ്രത കാട്ടിടണം
ഉള്ളതിൽ പങ്കു നാം അഗതികൾക്കായ് അറിഞ്ഞു നൽകേണം മടിച്ചിടാതെ

2 ദൈവത്തിൻ നൽസ്നേഹം ഉള്ളിലുള്ളാരുമേ ആരോടും കോപിക്കില്ല
എല്ലാം സഹിക്കുവാൻ ക്ഷമിച്ചിടുവാൻ ക്രിസ്തേശു നമ്മോടോതിയല്ലോ-

3 അയൽക്കാരെ നമ്മൾ സ്നേഹിക്കാതെങ്ങനെ ദൈവത്തെ സ്നേഹിച്ചിടും?
ക്രിസ്തുവിൻ താഴ്മ നാം ധരിച്ചിടണം എളിയവരെയാദരിച്ചിടണം-
**A.V.**